പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടിയായി തൃശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, മലപ്പുറം ജില്ലയിലെ പൂക്കോറ്റൂർ, നെടിയിരിപ്പ്, പാലക്കാട് ജില്ലയിലെ എരിമയൂർ, കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ എന്നീ പഞ്ചായത്തുകളിൽ പൈലറ്റു പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ലോകബാങ്കിൽ നിന്നും ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. സർക്കാർ 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ആവശ്യമുള്ള മേഖലകളിൽ കേരള വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായം ലഭ്യമാണ്. കൂടാതെ വാട്ടർ അതോറിറ്റിയിലെ പല ഉദ്യോഗസ്ഥന്മാരും ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു.

ശുദ്ധജലവിതരണ പദ്ധതി

45(250) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലക്കുന്നം പഞ്ചായത്തിൽ നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പരാതി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിയിൽ നിന്നും ഇപ്പോൾ എത്രപേർക്ക് കുടിവെള്ളം കിട്ടുന്നുണ്ട് ;

(ഡി) ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊട്ടിയ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പുകൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

(സി) 1000 പേർക്ക് കുടിവെള്ളം കിട്ടുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കീഴ്പറമ്പ് ശുദ്ധജല പദ്ധതി

46(251) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴുപറമ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായോ ;

LIBRARY ARCHIVES Kerala Legislative Assembly